# പതിമൂന്നാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. – 3995** 20.07.2015- ൽ മറുപടിക്ക്

## പുതുനഗരം, കൊടുവായൂർ, നെന്മാറ ടൗണുകളിലെ ഗതാഗതക്കുരുക്ക്

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.വി.ചെന്താമരാക്ഷൻ** | | **ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പുമന്ത്രി)** |
| (എ) നെന്മാറ നിയോജക മണ്ഡലത്തിലെ പുതുനഗരം, കൊടുവായൂർ, നെന്മാറ എന്നീ ടൗണുകളിൽ സ്ഥിരമായ ഗതാഗതക്കുരുക്ക് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) യും (ബി) യും (സി) യും | ഉണ്ട്. പുതുനഗരം ടൗണിലുള്ള ഗതാഗതക്കുരുക്ക് താല്ക്കാലികമായി നിയന്ത്രിക്കുന്നതിനായി 2012-13 വർഷത്തിൽ എം.എൽ.എ-യുടെ ആസ്തിവികസന ഫണ്ടിൽ നിന്നും അനുവദിച്ച ഒരു കോടി രൂപ ഉപയോഗിച്ച് തത്തമംഗലം - കല്ലംചിറ പെരുവെമ്പ് റോഡ് പണി പൂർത്തീകരിക്കുകയും കൊടുവായൂർ ടൗണിന്റെ ഗതാഗതക്കുരുക്ക് താല്ക്കാലികമായി നിയന്ത്രിക്കുന്നതിനായി, 2013-14 വർഷത്തിൽ എം.എൽ.എയുടെ ആസ്തി വികസന ഫണ്ടിൽ നിന്നും അനുവദിച്ച ഒരു കോടി രൂപ ഉപയോഗിച്ച് നൊച്ചൂർ മറിയൻ കോളേജ് റോഡ് പണി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. തത്തമംഗലം ബൈപ്പാസിന്റെ ഭൂമി ഏറ്റെടുക്കൽ നടപടിക്കായി 298 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കൊടുവായൂർ ബൈപ്പാസ് നിർമ്മാണത്തിനായി 13 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. തത്തമംഗലം ബൈപ്പാസും കൊടുവായൂർ ബൈപ്പാസും പ്രാവർത്തികമാകുമ്പോൾ ഗതാഗതക്കുരുക്കിന് ഒരു പരിധിവരെ പരിഹാരമാകും. |
| (ബി) ഈ ടൗണുകളിലെ ഗതാഗതക്കുരുക്കിന് ശാശ്വതപരിഹാരം കാണുന്നതിന് എന്തെങ്കിലും പദ്ധതികൾ വകുപ്പ് വിഭാവനം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ; | | |
| (സി) ഇത് സംബന്ധിച്ച് നാളിതുവരെ നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ